# Mathrubhumi

## 22 August 2018

## Kochi, Flood Relief



# അരിച്ചാക്കിറക്കാൻ ജഡ്ജിയും

**പ്രത്യേക പ്രതിനിധി**
കൊച്ചി

**കൊച്ചി** ▸ പ്രളയത്തിൽപ്പെട്ടവർക്ക് എത്തിക്കാനായി ലോറിയിൽ നിന്ന് അരിയും പഞ്ചസാരയും പയറും നിറച്ച ചാക്കുകൾ ഇറക്കാൻ ജഡ്ജിയും. സാധനങ്ങളിറക്കാൻ ആളെക്കിട്ടാത്തതിനെത്തുടർന്നായിരുന്നു ഇത്. സാധനങ്ങൾ പിന്നീട് ദുരിതാശ്വാസ ക്യാമ്പുകളിലെത്തിച്ചു.

എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും സബ്ജഡ്ജിയുമായ എ.എം. ബഷീറും മറ്റ് ഉദ്യോഗസ്ഥരും അഭിഭാഷകരും വൊളന്റിയർമാരും ചേർന്നാണ് ജില്ലയിലെ തൊണ്ണൂറോളം ദുരിതാശ്വാസ ക്യാമ്പുകളിൽ ആശ്വാസം പകരുന്നത്.

കഴിഞ്ഞദിവസം രാത്രി എട്ടരയ്ക്കാണ് മിനിലോറിയിൽ അരിയും മറ്റും എത്തിയത്. കലൂർ 'മാതൃഭൂമി' ഓഫീസിന് മുന്നിലുള്ള ലീഗൽ സർവീസസ് അതോറിറ്റി ഓഫീസ് അങ്കണത്തിൽ അവ ഇറക്കാൻ ചുമട്ടുകാരില്ലായിരുന്നു. അവിടത്തെ ജീവനക്കാരുടെ സഹായത്തോടെ ചാക്കുകൾ ഇറക്കാൻ സബ് ജഡ്ജി മുന്നിട്ടിറങ്ങി.

ഒട്ടേറെ സംഘടനകളും സ്ഥാപനങ്ങളും ജില്ലാ സർവീസസ് അതോറിറ്റിക്ക് പലവ്യഞ്ജനങ്ങളും വസ്ത്രങ്ങളും മരുന്നുകളും കൈമാറി. അവ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുന്ന ദൗത്യത്തിൽ മുന്നൂറോളം പാരാലീഗൽ വൊളന്റിയർമാരും കുടുംബശ്രീപ്രവർത്തകരും പങ്കുചേർന്നു. അവരെ സബ് ജഡ്ജി അഭിനന്ദിച്ചു.

ഏഴ് താലൂക്കുകളിലും ലീഗൽ സർവീസസ് അതോറിറ്റി തങ്ങളുടെ സാന്നിധ്യം അറിയിച്ചു. അരിയും പഞ്ചസാരയും കൂടാതെ വെളിച്ചെണ്ണയും മെഴുകുതിരികളും കുടിവെള്ളവും സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള അടിവസ്ത്രങ്ങളും ശേഖരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞു. പല കോണുകളിൽനിന്ന് സഹായഹസ്തങ്ങൾ അതോറിറ്റിയെ തേടിയെത്തി. ചൊവ്വാഴ്ച ചെന്നൈ ലീഗൽ സർവീസസ് അതോറിറ്റി അയച്ച അവശ്യസാധനങ്ങൾ സബ് ജഡ്ജി ഏറ്റുവാങ്ങി.

നഷ്ടപരിഹാരം കിട്ടാനുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏഴ് താലൂക്കുകളിലും അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അദാലത്തുകൾ നടത്തും. അർഹതപ്പെട്ടവർക്കെല്ലാം നഷ്ടപരിഹാരം ലഭ്യമാക്കും.

▶ ദുരിതബാധിതർക്ക് നൽകാനായി ലീഗൽ സർവീസ് അതോറിറ്റിക്ക് 'മാതൃഭൂമി' നൽകിയ വിഭവങ്ങൾ സബ് ജഡ്ജി എ.എം. ബഷീർ ഏറ്റുവാങ്ങുന്നു

## സഹകരിച്ച് മാതൃഭൂമിയും

മാതൃഭൂമിയുടെ വകയായുള്ള അരിയും മറ്റ് അവശ്യ സാധനങ്ങളും അതോറിറ്റിയ്ക്ക് യൂണിറ്റ് മാനേജർ പി. സിന്ധു കൈമാറി. ഈ സാധനങ്ങൾ ലീഗൽ സർവീസസ് അതോറിറ്റി വിവിധ ക്യാമ്പുകളിൽ വിതരണം ചെയ്യും.